**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1693** **19-09-2025 - ൽ മറുപടിയ്ക്ക്**

**മാറനല്ലൂർ പഞ്ചായത്തിലെ അരുവിക്കര ശ്രീധർമ്മശാസ്താ ക്ഷേത്രത്തിന്റെ സംരക്ഷിത പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ് | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | കാട്ടാക്കട മണ്ഡലത്തിൽ മാറനല്ലൂർ പഞ്ചായത്തിലെ അരുവിക്കര ശ്രീധർമ്മശാസ്താ ക്ഷേത്രത്തിന്റെ സംരക്ഷിത പ്രവൃത്തികൾക്കായി അനുമതി ലഭ്യമായ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; ഇതിന്മേൽ സ്വീകരിച്ച തുടർനടപടികൾ വ്യക്തമാക്കാമോ? | (എ) | കേരള പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായ തിരുവനന്തപുരം ജില്ലയിലെ മാറനല്ലൂർ അരുവിക്കര ശ്രീധർമ്മശാസ്താ ക്ഷേത്രത്തിന്റെ സംരക്ഷണ പ്രവൃത്തികൾ ചെയ്യുന്നതിനായി ഭരണാനുമതി (2024-25) നൽകി സർക്കാർ ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഇ-ടെണ്ടർ നടപടികൾ സ്വീകരിച്ചുവെങ്കിലും കരാറുകാർ ആരും പങ്കെടുക്കാതെ വന്നതിനാൽ പ്രവൃത്തി റീ-ടെണ്ടർ ചെയ്യേണ്ടതായി വന്നു. റീ ടെണ്ടറിൽ ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്യുകയും, ടെണ്ടർ നോട്ടീസ് പ്രകാരം ആവശ്യമായ സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുകയും ചെയ്ത കരാറുകാരനെ പ്രവൃത്തി ചെയ്യുവാൻ തെരഞ്ഞെടുക്കുകയും, പ്രവൃത്തി അനുമതി ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട്. നിലവിൽ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ പുരാവസ്തു വകുപ്പ് ഡയറക്ടർ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ